**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2989** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ള സംഭരണിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ ഭാഗമായി കുറ്റിപ്പുറം, ആതവനാട്, മാറാക്കര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉന്നതതല ജല സംഭരണി ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുറ്റിപ്പുറം, ആതവനാട്, മാറാക്കര പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ടെണ്ടർ ചെയ്ത് കോൺട്രാക്ടർക്കു വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട ആതവനാട് പഞ്ചായത്തിലെ മലയിൽ പ്രദേശത്ത് നിർമ്മിക്കുന്ന 40 ലക്ഷം ലിറ്റർ ടാങ്കിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി ആതവനാട് വില്ലേജിൽ 2/2-6, 2/2-7 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 60 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനായി ആതവനാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകികൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 20.02.2025 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ ആതവനാട്, മാറാക്കര ഗ്രാമ പഞ്ചായത്തുകൾക്കും, കോട്ടക്കൽ മുനിസിപ്പാലിറ്റിയ്ക്കും കുടിവെള്ളം ലഭിക്കുന്നതിന് അനുയോജ്യമാകുന്ന തരത്തിൽ 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിന് ആതവനാട് പഞ്ചായത്തിലെ മലയിൽ പ്രദേശത്തെ 2/2-6, 2/2-7 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 60 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി സ്ഥലം കൈമാറുന്ന നടപടികൾക്കായി പഞ്ചായത്തിലും ജില്ലാ കളക്ടറുടെ ഓഫീസിലും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ